# പതിമൂന്നാം കേരളനിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 386 25.06.2014 ൽ മറുപടിക്ക്

എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ :<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| നിരവധി എൻഡോസൾഫാൻ ഇരകൾ ആനുകൂല്യത്തിന് അർഹതയുള്ളവരുടെ ലിസ്റ്റിൽപ്പെട്ടിട്ടില്ലെന്ന് സർക്കാർതന്നെ അംഗീകരിച്ച സാഹചര്യത്തിൽ ദുരിതബാധിതരുടെ സമഗ്ര പട്ടിക തയ്യാറാക്കാൻ ഉടനടി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിന് കാലാകാലങ്ങളിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ക്യാമ്പിൽ ഹാജരാകുന്നവരെ വിദഗ്ദ്ധ ഡോക്ടർമാർ പരിശോധിച്ച് രോഗനിർണ്ണയം നടത്തിയും തുടർന്നുള്ള ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിലും എൻഡോസൾഫാൻ ഉപയോഗം മൂലം രോഗബാധിതരായവരെ കണ്ടെത്തി ദുരിത ബാധിതരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. 2010 നവംബർ, ഡിസംബർ, 2011 ജനവരി മാസങ്ങളിൽ നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ അടിസ്ഥാനത്തിൽ 4,182 ദുരിതബാധിതരടങ്ങുന്ന ഒരു പട്ടികയും 2011 ആഗസ്റ്റ് ഡിസംബർ മാസങ്ങളിൽ നടത്തിയ ക്യാമ്പിന്റെ അടിസ്ഥാനത്തിൽ 708 പേർ അടങ്ങുന്ന ഒരു പട്ടികയും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 2013 ആഗസ്റ്റ് മാസത്തിൽ നടത്തിയ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവരിൽ നിന്നും 337 പേർ ഉൾക്കൊള്ളുന്ന ഒരു പട്ടികയും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 4,182 ദുരിതബാധിതരടങ്ങുന്ന പട്ടികയിൽ നിന്ന് 229 പേർക്കുകൂടി ദേശീയ മനുഷ്യവകാശ കമ്മിഷൻ ശുപാർശ ചെയ്ത ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വിട്ടുപോയ ദുരിത ബാധിതരുണ്ടെങ്കിൽ അവരെക്കൂടി കണ്ടെത്തുന്നതിന് വർഷത്തിലൊരിക്കൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അടിയന്തര ഘട്ടത്തിൽ ദുരിതബാധിതർക്ക് ചികിത്സ ലഭ്യമാക്കാൻ 02.04.2013-ലെ ജി.ഒ (ആർ.ടി) നം. 1192/13/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി ഇതുവരെ 51 പേർക്ക് ചികിത്സ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. |

Manjith

സെക്ഷൻ ഓഫീസർ